**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 590** **08-10-2024 - ൽ മറുപടിയ്ക്ക്**

**നഷ്ടത്തിലായ പൊതു മേഖല സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര പൊതുമേഖല സ്ഥാപനങ്ങളാണ് നഷ്ടത്തിലായതെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2023-24സാമ്പത്തിക വർഷം 33 പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രവത്തന നഷ്ടത്തിലുള്ളത്. |
| (ബി) | ഇത്തരത്തിൽ പൊതുമേഖല സ്ഥാപനങ്ങളെ നഷ്ടത്തിലേക്ക് നയിച്ച കാരണങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | ഉണ്ട്. കോവിഡ് മഹാമാരിക്ക് ശേഷം ദേശീയ അന്തർദേശീയ തലങ്ങളിൽ ഉണ്ടായ മാറ്റങ്ങളും ഉല്പാദത്തിന് ആവശ്യമായ അടിസ്ഥാനവസ്തുക്കളുടെ വിലയിലുണ്ടാകുന്ന സങ്കീർണ്ണമായ ഏറ്റക്കുറച്ചിലുകളും ചില പൊതുമേഖലാ-സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കി വിപണനത്തിനനുയോജ്യമായ ഉല്പന്നങ്ങളുടെ വൈവിധ്യവത്ക്കരണത്തിലുണ്ടായ കാലതാമസം, മെഷിനറികളുടെ കാലപ്പഴക്കം എന്നിവ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും വർദ്ധിച്ച ഉൽപാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മത്സരക്ഷമമാകുവാൻ കഴിയാത്തതും, പ്രവർത്തനത്തിനും കാലാനുസൃതമായ നവീകരണ-വിപുലീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ മൂലധനത്തിന്റെ അപര്യാപ്തതയുമാണ് വിവിധ സ്ഥാപനങ്ങൾ നഷ്ടത്തിലെത്തിയതിനുള്ള മറ്റ് ചില കാരണങ്ങൾ. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ പദ്ധതികൾക്കും പ്രവർത്തന മൂലധനത്തിനും ഏറ്റവും ആവശ്യമായ സമയത്ത് ധനം നൽകുവാൻ ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും കാണിക്കുന്ന വിമുഖതയും ഒരു പ്രധാന കാരണമാണ്. |
| (സി) | നഷ്ടത്തിലായ പൊതുമേഖല സ്ഥാപനങ്ങളെ പുനർജീവിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള, നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ |

| | | | |
|---|---|---|---|
| | സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ? | | ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>.വ്യവസായ സംബന്ധമായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ട് തയാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ - വിപുലീകരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>.നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആഗോള ആഭ്യന്തര വിപണന സാധ്യതകളും വിലയിരുത്തി നിലവിലെ വിപണന മേഖലകൾ വിപുലീകരിക്കുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട് .<br><br>.നടപ്പ് സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 279.10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>.പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വത്തോട് കൂടി പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി ശ്രീ. പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>.പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനങ്ങളുടെയും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ്സ് പ്ലാനും MoU ഉം തയ്യാറാക്കുകയും ആയതിന്റെ പുരോഗതി മാസം തോറും അവലോകനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>.മാസംതോറുമുള്ള പ്രവർത്തനം ഉന്നത തലത്തിൽ അവലോകനം നടത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.<br><br>.സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുണ്ട്. |

.പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി പി.എസ്.സി മുഖേനയല്ലാതെയുള്ള നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും മാനേജിംഗ് ഡയറക്ടർമാരുടെ നിയമനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുകയും മറ്റ തസ്തികകളിലേക്കുള്ള നിയമന പ്രക്രിയകൾ പുരോഗമിക്കുകയുമാണ്.

.കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളുടെ വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ ഒരു പാനൽ തയ്യാറാക്കി ഇൻഡിപെൻഡന്റ് ഡയറക്ടർ മാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

.ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്.

.പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

.പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിങ് എന്നീ മേഖലകളിൽ അവാർഡുകൾ നൽകിവരുന്നുണ്ട്.

.പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിനുള്ള പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിനും ദീർഘകാല പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി സർക്കാർ ധനസഹായത്തിന് പുറമെ റിവോൾവിങ് ഫണ്ട് രൂപീകരിക്കുന്ന വിഷയം പരിഗണനയിലാണ്.

.പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണനത്തിനായി ONDCയുടെ സഹകരണത്തോടെ ഇ-കൊമേഴ്സ് പോർട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി BPT യുടെ നേതൃത്വത്തിൽ

| | | | |
|---|---|---|---|
| | | | കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ കെഷോപ്പീ.ഇൻ (kshoppe.in) എന്ന പേരിൽ ഒരു ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.<br><br>.പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെയും വിപുലീകരിക്കുന്നതിന്റെയും ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തുടർച്ചയായി ബിസിനസ്/ഓർഡറുകൾ നേടിയെടുക്കുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ച B2B meet ന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി കൂടുതൽ ഓർഡറുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്.<br><br>.പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്ന-തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് പെട്രോൾ പമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>.അധിക ഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ